# പതിനാലാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ.5753     03.11.2016 ൽ മറുപടിക്ക്

## തോടുകളുടെ പുനരുദ്ധാരണത്തിന് പദ്ധതി

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ.റോജി എം.ജോൺ<br>,,വി.പി.സജീന്ദ്രൻ<br>,, കെ.സി.ജോസഫ്: | മാത്യു ടി. തോമസ്<br>(ജലവിഭവ വകുപ്പുമന്ത്രി) |
| (എ) സംസ്ഥാനത്തെ തോടുകളുടെ പുനരുദ്ധാരണത്തിന് എന്തെല്ലാം കർമ്മ പദ്ധതികളാണ് ആസൂത്രണം ചെയ്തിരിക്കുന്നതെന്ന് വ്യക്തമാക്കുമോ;<br><br>(ബി) നിലവിലുള്ള ഏതൊക്കെ പദ്ധതിയിൽപ്പെടുത്തിയാണ് ഇവയുടെ നിർമ്മാണ പ്രവൃത്തികൾ നടക്കുന്നത്;<br><br>(സി) പ്രസ്തുത പ്രവൃത്തികൾ സമയബന്ധിതമായി നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ കൈക്കൊണ്ടിട്ടുണ്ട്? | (എ),(ബി)&(സി)<br><br>സംസ്ഥാനത്തെ തോടുകളുടെ പുനരുദ്ധാരണത്തിനായി വെള്ളപ്പൊക്ക കെടുതികൾ 2702-03-101-98(03) എഫ്.ഡി (നോൺ പ്ലാൻ) എന്ന ശീർഷകത്തിൽ ഉൾപ്പെടുത്തി പ്രവൃത്തികൾ ചെയ്തു വരുന്നു. കൂടാതെ നബാർഡ്, പ്രത്യേക നിക്ഷേപപദ്ധതി എന്നിവയിൽ ഉൾപ്പെടുത്തിയും പ്രവൃത്തികൾ ചെയ്തു വരുന്നു. തലപ്പിള്ളി സ്പെഷ്യൽ പാക്കേജിൽ ഉൾപ്പെടുത്തി തൃശ്ശൂർ ജില്ലയിലെ തലപ്പിള്ളി താലൂക്കിൽ ഉൾപ്പെട്ട പ്രവൃത്തികൾ ഘട്ടം ഘട്ടമായി നടപ്പിലാക്കി വരുന്നു. പ്രവൃത്തികളുടെ പ്രൊപ്പോസൽ ലഭിക്കുന്ന മുറയ്ക്ക് അവയുടെ ആവശ്യകത പരിശോധിച്ചും ഫണ്ടിന്റെ ലഭ്യത അനുസരിച്ചും പ്രവൃത്തികൾ സമയബന്ധിതമായി നടപ്പിലാക്കാനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |

•

സെക്ഷൻ ഓഫീസർ.